**മഹാത്മാഗാന്ധി സർവ്വകലാശാല**
**പി.ഡി ഹിൽസ് പി.ഒ.**
**അതിരമ്പുഴ കോട്ടയം - 686560**

നമ്പർ: 6365/01/എ.സി.ബിVII/2018/അക്കാദമികം തീയതി: 26\03/2019

## ക്വട്ടേഷൻ നോട്ടീസ്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അക്കാദമിക് വിഭാഗം എ.സി.ബി 7 സെക്ഷനിലെ ഉപയോഗത്തിനായി താഴെ പറയുന്ന സ്പെസിഫിക്കേഷനോട് കൂടിയ ഒ.എം.ആർ ഷീറ്റുകൾ വിതരണം ചെയ്യുന്നതിലേക്കായി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത മത്സാരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

| SL NO. | Item | Specification&Requirement |
|---|---|---|
| 1. | OMR Sheet (Design&Print) | 1. Size : $A_4$ , 210 mm x 297 mm<br>2. GSM: Not less than 105<br>3. ഒ.എം.ആർ ഷീറ്റുകൾ അച്ചടിക്കേണ്ടത് ഈ ഓഫീസിൽ നിന്നുള്ള നിർദേശാനുസരണം ആയിരിക്കണം. ഒ.എം.ആർ ഷീറ്റിന്റെ മാതൃക എ.സി.ബി 7 സെക്ഷൻ, അക്കാദമിക് വിഭാഗം, മഹാത്മാ ഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് , കോട്ടയം ലഭ്യമാണ്. ഒ.എം.ആർ ഷീറ്റിന്റെ മുകൾ വശത്തായി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കോമൺ അഡ്മിഷൻ ടെസ്റ്റ് എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതും റോൾ നമ്പർ ,സബ്ജക്റ്റ് കോഡ് ,വിദ്യാർത്ഥിയുടെ പേരും ഒപ്പും ,പരീക്ഷാ തീയതി ,ഇൻവിജിലേറ്ററിന്റെ ഒപ്പ്, പരീക്ഷാർത്ഥികൾക്കുള്ള നിർദേശങ്ങൾ എന്നിവ ഉൾക്കൊള്ളിക്കേണ്ടതുമാണ്. ഇതിന് താഴെയായി 1 മുതൽ 100 വരെ തുടർച്ചയായി നമ്പർ രേഖപ്പെടുത്തേണ്ടതും ഓരോ നമ്പറിന്റെയും വലതു വശത്തായി ഉത്തരങ്ങൾ ബബിൾ ചെയ്യുന്നതിലേക്കായി a,d,c,d എന്ന ക്രമത്തിൽ നാല് ഓപ്ഷനുകൾ നൽകേണ്ടതുമാണ്. |

| | | |
|---|---|---|
| 2 | Scanning of OMR sheet and Result | ഒ.എം.ആർ ഷീറ്റുകൾ മൂല്യനിർണ്ണത്തിനായി ഹൈ സ്പീഡ് സ്കാനറിൽ സ്കാൻ ചെയ്ത് എടുക്കാവുന്ന രീതിയിലും, സോഫ്റ്റ്‌വെയർ ഉപയോഗിച്ച് മൂല്യനിർണയം നടത്തുന്നതിനാൽ ഒ.എം.ആർ ഷീറ്റിന്റെ alignment വളരെ കൃത്യത ഉണ്ടായിരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ബൾക്ക് കോപ്പി എടുക്കുന്നതിനു **മുൻപായി ഒ.എം.ആർ ഷീറ്റിന്റെ** മാതൃക സെക്ഷനിൽ എത്തിച്ച് ബോധ്യപ്പെടുത്തേണ്ടതാണ് . |
| 3. | Quantity, Rate &Delivery | 1.നിലവിൽ 7000 എണ്ണം, (30 എണ്ണം വീതം മേൽത്തരം പ്ലാസ്റ്റിക് പായ്ക്കറ്റുകളിലാക്കി നൽകണം ) അപേക്ഷ സമർപ്പണം അവസാനിച്ചതിന് ശേഷം പരീക്ഷാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യപ്പെട്ടാൽ കൂടുതൽ എണ്ണം എത്തിച്ചു നൽകണം.<br>2.പാക്കിംഗ് ചാർജ് ഉൾപ്പെടെ ഒരു ഒ.എം.ആർ ഷീറ്റിന്റെ നിരക്കാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.<br>3. എ.സി.ബി 7 സെക്ഷൻ , അക്കാദമിക് വിഭാഗം,മഹാത്മാഗാന്ധി സർവ്വകലാശാല |

ക്വട്ടേഷൻ അടങ്ങുന്ന കവറിന് പുറത്ത് ക്വട്ടേഷൻ നമ്പർ : 6365/01/എ.സി.ബിVII/2018/അക്കാദമികം തീയതി: \03/2019 എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതും ,രജിസ്ട്രാർ ,മഹാത്മാഗാന്ധി സർവ്വകലാശാല ,പി.ഡി ഹിൽസ് പി.ഒ ,കോട്ടയം -686560 (ഫോൺ:0481 2733615) എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

**ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി , സമയം :-30.03.2019, പകൽ 12.00 മണി**
**ക്വട്ടേഷൻ തുറക്കുന്ന സമയം : 30.03.2019, 02.00 pm മണി**

കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ അക്കാദമിക വിഭാഗം എ.സി.ബി 7 സെക്ഷനിൽ നിന്നും അറിയാവുന്നതാണ്.

## പ്രത്യേക നിബന്ധനകൾ

1. വിതരണം ചെയ്യുന്ന സാധനങ്ങളുടെ വ്യാപാര നാമം ക്വട്ടേഷനിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. സ്ഥാപനത്തിന്റെ ജി.എസ്.റ്റി നമ്പറും ക്വട്ടേഷനിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

2. എല്ലാ വിധ നികുതിയും, പാക്കിംഗ്, ട്രാൻസ്പോർട്ടേഷൻ ചാർജ്, ഇൻസ്റ്റലേഷൻ ചാർജ് മുതലായവ ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്.

3. ക്വട്ടേഷനിൽ സൂചിപ്പിച്ച സാമഗ്രികൾ എത്തിയ ശേഷം ഇവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നതാണ് .

4. അംഗീകരിക്കപ്പെടുന്ന ക്വട്ടേഷനുകൾ സപ്ലൈ ഓർഡർ തീയതി മുതൽ 2 ആഴ്ചക്കുള്ളിൽ സപ്ലൈ പൂർത്തിയാക്കേണ്ടതാണ്.

5. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അവസാന സമർപ്പണ സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.

6. ക്വട്ടേഷനുകൾ തുറക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയം തുറക്കുന്നതാണ്.

7. ക്വട്ടേഷൻ മാറ്റി വയ്ക്കുവാനോ കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും.

(ഒപ്പ്)
ബൈജു എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ IV(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. സ്റ്റോർ കീപ്പർ, ജനറൽ സ്റ്റോർ
2. പി.ആർ.ഒ
3. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
4. ഗവൺമെന്റ് ഓഡിറ്റ്
5. സിസ്റ്റം അഡ്മിനിസ്ട്രേഷൻ
6. ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ